**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 567** **24-08-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ആശുപത്രി ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതി പ്രകാരം ചികിത്സ തേടുന്ന സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ആശുപത്രികൾ ബില്ലിന്റെ പകർപ്പ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | മെഡിസെപ് പദ്ധതിയുടെ ആനുകല്യം ലഭിക്കുന്ന ജീവനക്കാർക്ക് ചികിത്സാ ബില്ലും മറ്റ് രേഖകളും ലഭിക്കാൻ അർഹതയുണ്ടോ; ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | മെഡിസെപ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്ന ജീവനക്കാർക്ക് ചികിത്സാ ബില്ലും മറ്റ് രേഖകളും ലഭിക്കാൻ അർഹതയുണ്ട്. ഇത് സംബന്ധിച്ച് കർശന നിർദ്ദേശം ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. |
| (സി) | മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികൾ ചികിത്സ സംബന്ധിച്ചുള്ള ബിൽ പകർപ്പ് നൽകാതിരിക്കുന്നത് മൂലമുള്ള സാമ്പത്തിക തട്ടിപ്പ്, രോഗിക്ക് ലഭ്യമാക്കാത്ത ചികിത്സയ്ക്ക് പണം ഈടാക്കുന്ന അവസ്ഥ എന്നിവ ഒഴിവാക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ബില്ലിന്റെ പകർപ്പ് നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികൾ ചികിത്സ സംബന്ധിച്ചുള്ള ബില്ല് ഗുണഭോക്താവിന് നൽകേണ്ടതാണ് എന്ന നിർദ്ദേശം ഇൻഷ്വറൻസ് കമ്പനി ആശുപത്രികൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ